**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2132** **05-02-2026 - ൽ മറുപടിയ്ക്ക്**

**പന്തീരങ്കാവ് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പന്തീരങ്കാവ് പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പന്തീരങ്കാവ് പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി 610 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കോസ്റ്റ് സമർപ്പിച്ചതിൽ, 22.06.2021 ലെ സ.ഉ. (സാധാ) നം.1733/2021/ആഭ്യന്തരം പ്രകാരം 36 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. |
| (ബി) | പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് സി.ആർ.ഇസെഡ് (കോസ്റ്റൽ റെഗുലേഷൻ സോൺ) ക്ലിയറൻസ് ലഭിച്ച സാഹചര്യത്തിൽ നിർമ്മാണത്തിന് ആവശ്യമായ തുക പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റായി നൽകാൻ നടപടി സ്വീകരിക്കുമോ; | (ബി) | പന്തീരങ്കാവ് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് CRZ (Coastal Regulation Zone) ക്ലിയറൻസ് ലഭിച്ചതിനാൽ പുതിയ DSoR പ്രകാരമുള്ള എസ്റ്റിമേറ്റിനായി കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവി 27.12.2025 തീയതി പൊതുമരാമത്ത് എക്സിക്യൂട്ടീവ് എൻജിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനും, ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് നിർമ്മാണത്തിന് ആവശ്യമായ തുക പൊതുമരാമത്ത് വകുപ്പിലേക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | കെട്ടിട നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | പന്തീരങ്കാവ് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് CRZ (Coastal Regulation Zone) ക്ലിയറൻസ് ലഭിച്ചതിനാൽ പുതിയ DSoR പ്രകാരമുള്ള എസ്റ്റിമേറ്റിനായി കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവി 27.12.2025 തീയതി പൊതുമരാമത്ത് എക്സിക്യൂട്ടീവ് എൻജിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനും, ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് നിർമ്മാണത്തിന് ആവശ്യമായ തുക പൊതുമരാമത്ത് വകുപ്പിലേക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ